**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6884** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം തുടങ്ങിയിട്ട് എത്ര ദിവസമായെന്നും ഇനി എത്ര ദിവസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം 2015 ഡിസംബർ മാസം 5-ാം തീയതിയാണ് ആരംഭിച്ചത്. 2023 മാർച്ച് മാസം 15-ാം തീയതി ആയപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 2659 ദിവസങ്ങൾ പിന്നിട്ടു. 2023 സെപ്റ്റംബറിൽ ആദ്യകപ്പൽ വിഴിഞ്ഞത്തെത്തിക്കാവുന്ന തരത്തിലാണ് ഇപ്പോൾ പ്രവൃത്തികൾ പുരോഗമിക്കുന്നത്. |
| (ബി) | തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ മേഖലകളിലാണ് നിലവിൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പുലിമുട്ട്, ബർത്ത്, യാർഡ് തുടങ്ങിയ തുറമുഖ ഘടകങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കില്‍ഡ്, അൺ-സ്കില്‍ഡ് വിഭാഗങ്ങളിൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) | തുറമുഖ നിർമ്മാണം പൂർത്തിയാക്കിയശേഷം ഏതൊക്കെ മേഖലകളിൽ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് വിശദമാക്കുമോ? | (സി) | തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി പ്രത്യക്ഷമായും പരോക്ഷമായും നിരവധി തൊഴിലവസര ങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തൊഴിലവസര ങ്ങളിൽ സാങ്കേതിക വൈദഗ്ധ്യം കുറഞ്ഞ തൊഴിലുകൾ തീരദേശത്തുള്ളവർക്കു തന്നെ നൽകാനാണ് ധാരണയായിട്ടുള്ളത്. കൃത്യമായ കണക്കുകൾ തുറമുഖം കമ്മീഷൻ ചെയ്തതിനു ശേഷം പ്രവർത്തനരീതി, വരുന്ന ചരക്കുകളുടെ അളവ്, സ്വഭാവം എന്നിവയനുസരിച്ച് മാത്രമേ കണക്കാക്കാനാവുകയുള്ളൂ. തുറമുഖവുമായി ബന്ധപ്പെട്ട് നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും ഉണ്ടാകുന്നതാണ്. (ഉദാ: ഗതാഗതമേഖല, ടൂറിസം, വ്യവസായവും വാണിജ്യവും, ചരക്കുനീക്കം തുടങ്ങിയ മേഖലകൾ). വിഴിഞ്ഞം തുറമുഖം വഴി കൈകാര്യം ചെയ്യുന്ന ഓരോ കണ്ടെയ്നറിനും പ്രത്യക്ഷമായോ പരോക്ഷമായോ ശരാശരി 6 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടും എന്നാണ് കണക്കാക്കുന്നത്. തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ, തുറമുഖാധിഷ്ഠിത |

| | | | |
|---|---|---|---|
| | | | വ്യവസായ ങ്ങൾ സ്ഥാപിക്കുവാനും അതുവഴി പ്രാദേശിക വികസനവും തൊഴിലവസരങ്ങളും ലഭ്യമാക്കാനും ശ്രമിക്കുന്നുണ്ട്.<br><br>തുറമുഖത്തുണ്ടാകുന്ന തൊഴിലുകൾക്ക് വൈദഗ്ധ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്നതിനായി വിഴിഞ്ഞത്ത് ഒരു സ്കിൽ പാർക്ക് സ്ഥാപിക്കുന്ന പ്രവർത്തി അന്തിമ ഘട്ടത്തിലാണ്. ഇവിടെ തുറമുഖാധിഷ്ഠിത കോഴ്സുകൾ ആരംഭിച്ച് തുറമുഖ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ മാനവശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളി കൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനാ യുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ